18/01/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ CP.No.138(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.4498/SIC-Gen4/2021**

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2023 ജനുവരി 12**

| | |
|---|---|
| ഡോ. തേമ്പാംമൂട് സഹദേവൻ,<br>കൺവീനർ, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം,<br>വെഞ്ഞാറമൂട്,<br>തിരുവനന്തപുരം – 695 607. | പരാതി ഹർജിക്കാരൻ |
| ശ്രീമതി സുമ റോസ് സുന്ദരൻ,<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>കൃഷി ഓഫീസർ,<br>കൃഷി ഭവൻ, നെല്ലനാട്,<br>വെഞ്ഞാറമൂട്. | എതിർകക്ഷി |

## അന്തിമ ഉത്തരവ്

മേൽ പരാതി ഹർജിയിൽ 28.7.2021-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, പരാതി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി വിവരം നൽകാത്ത എസ്.പി.ഐ.ഒ. & കൃഷി ഓഫീസറിൽ നിന്നും വിശദീകരണം കമ്മീഷൻ തേടിയിരുന്നു. ആയതു പ്രകാരം ശ്രീമതി സുമ റോസ് സുന്ദരൻ (എസ്.പി.ഐ.ഒ. & കൃഷി ഓഫീസർ) കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഡോ.തേമ്പാമൂട് സഹദേവൻ 25.6.2020-ൽ വയൽ നികത്തിയും ജലം മലിനമാക്കിയും സ്ഥാപനങ്ങൾ തുടങ്ങുന്നു എന്നും കാണിച്ച് ഒരു പരാതി നൽകിയിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം സന്ദർശിച്ചു പരാതിക്കാരന് മറുപടി നൽകിയിരുന്നു എന്നും എന്നാൽ കോവിഡ് വന്ന് ആരോഗ്യസ്ഥിതി മോശമായതിനാൽ 15.3.2022-ന് റിപ്പോർട്ട് നേരിട്ട് സമർപ്പിക്കാൻ സാധിച്ചില്ല എന്നും തുടർന്ന് ജോലിത്തിരക്ക് മൂലവും ഗർഭിണിയായതിനാലുള്ള ശാരീരിക ബുദ്ധിമുട്ടുകൾ കാരണവും യാത്ര ചെയ്യാൻ സാധിക്കാത്തത് കൊണ്ടാണ് റിപ്പോർട്ട് നേരിട്ട് നൽകാൻ സാധിക്കാഞ്ഞത് എന്നും കമ്മീഷന്റെ 2.3.2022 തീയതിയിലെ ഓർമ്മക്കുറിപ്പ് പ്രകാരമുള്ള പരാതിയിൻമേൽ അന്വേഷണം നടത്തുകയും അതിൻപ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച കത്തും മറ്റും അനുബന്ധരേഖകളും സമർപ്പിക്കുന്നു എന്നും ഇനി മേലിൽ ഇത്തരം

ഒരു അലസ്സമായ നടപടി ഉണ്ടാകില്ല എന്നും ഈ പ്രവൃത്തി മാപ്പാക്കണമെന്നും രേഖകൾ സ്വീകരിച്ച് പരാതി തീർപ്പാക്കി ദയവായി മറ്റ് ശിക്ഷാനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നുമാണ് വിശദീകരണത്തിൽ ബോധിപ്പിച്ചത്.

2. മേൽ പരാമർശിച്ച വിശദീകരണവും, നേരിൽ കേട്ട വേളയിൽ എതിർകക്ഷിയായ ശ്രീമതി സുമ റോസ് സുന്ദരൻ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ ശ്രീമതി സുമ റോസ് സുന്ദരൻ പരാതിക്കാരന് മറുപടി നൽകിയതിൽ കാലതാമസം നേരിട്ടതിന് മാപ്പപേക്ഷിച്ചെങ്കിലും, ടിയാരി മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയത് മാപ്പർഹിക്കുന്ന ഒന്നല്ല എന്ന് കമ്മീഷന് ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ ടിയാരി മറുപടി നൽകുന്നതിൽ വരുത്തിയ കാലതാമസത്തിന് പിഴശിക്ഷയായി 1000/- രൂപ (ആയിരം രൂപ മാത്രം) ടിയാരിയിൽ നിന്നും ഈടാക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീമതി സുമ റോസ് സുന്ദരൻ 1000/- രൂപ (ആയിരം രൂപ മാത്രം) "0070–60-118-99 - Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ <u>31/01/2023</u>-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതുമാണ്. ഭാവിയിൽ ഇത്തരം വീഴ്ച സംഭവിക്കരുതെന്നും, വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നും ടിയാരിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

3. മേൽ പ്രസ്താവിച്ച പ്രകാരം ടി പരാതി ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2023 ജനുവരി മാസം 12-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി